സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 156 2024 ഒക്ടോബർ 04 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ട്രാക്ടറിൽ ട്രക്ക് ഇടിച്ച് 10 പേർ മരിച്ചു

മിർസാപൂർ : ഉത്തർപ്രദേശിലെ മിർസാപൂർ-വാരണാസി അതിർത്തിയിലെ കച്ചവാനും മിർസാമുറാദിനും ഇടയിലുള്ള ജി.ടി റോഡിൽ തൊഴിലാളികളുമായി പോവുകയായിരുന്ന ട്രാക്ടറിൽ ട്രക്ക് ഇടിച്ച് പത്തുപേർ മരിക്കുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഇന്ന്പുലർച്ചെ ഒരു മണിയോടെയാണ് അപകടമെന്ന് പോലീസ് സൂപ്രണ്ട് അഭിനന്ദൻ പറഞ്ഞു. ഭദോഹി ജില്ലയിൽ നിർമാണ ജോലി കഴിഞ്ഞ് 13 തൊഴിലാളികളുമായി മടങ്ങുകയായിരുന്ന ട്രാക്ടർ ട്രോളിയുടെ പിറകിൽ ട്രക്ക് ഇടിക്കുകയായിരുന്നു. പരിക്കേറ്റ 3 പേരെ ഐ.ഐ.ടി-ബി.എച്ച്യുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ട്രക്ക് ഡ്രൈവർ ഓടി രക്ഷപ്പെട്ടു. മൃതദേഹങ്ങൾ മോർച്ചറിയിലേക്ക് അയച്ചതായി പോലീസ് അറിയിച്ചു. കച്ചവാൻ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തുടർ നിയമനടപടികൾ നടന്നുവരികയാണെന്നും എസ്.പി കൂട്ടിച്ചേർത്തു.

പറഞ്ഞതെല്ലാം കളവ്, അഭിമുഖം മുഖ്യമന്ത്രിയുടെയും ഓഫീസിന്റെയും അറിവോടുകൂടിത്തന്നെ

തിരു: അഭിമുഖ വിവാദത്തിൽ മുഖ്യമന്ത്രിയുടെ വാദങ്ങളെല്ലാം കളവാണെന്നും എല്ലാം അദ്ദേഹത്തിന്റെ ഓഫീസിന്റെ അറിവോടെയാണെന്നുമുള്ള വിവരം പുറത്ത്. അഭിമുഖം നൽകാൻ ഇടപെട്ടത് സിപിഎം നേതാവ് ദേവകുമാറിന്റെ മകൻ സുബ്രഹ്മണ്യൻ മാത്രമല്ലെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് ഇക്കാര്യത്തിൽ വ്യക്തമായി ഇടപെട്ടിട്ടുണ്ടെന്നുമാണ് പുറത്തുവരുന്ന സൂചനകൾ.

ഇന്റർവ്യൂവിന് തീയതിയടക്കം നിശ്ചയിച്ചത് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശം അനുസരിച്ചാണ്. മുൻകൂട്ടിയുള്ള തീരുമാനമനുസരിച്ചാണ് അഭിമുഖമെന്ന് പി.ആർ ഏജൻസിയുടെ വിവരങ്ങളിൽ നിന്നും മനസിലാക്കാം. സുബ്രഹ്മണ്യൻ പറഞ്ഞതനുസരിച്ച് മുഖ്യമന്ത്രി ഇരുന്നുകൊടുത്തതല്ല. പകരം സിപിഎം കേന്ദ്രകമ്മിറ്റിക്കായി ഡൽഹിയിൽ എത്തുമ്പോൾ മുഖ്യമന്ത്രിയുമായി ഇന്റർവ്യു ആകാമെന്ന് ഓഫീസിൽ നിന്നും അറിയിച്ചതാണ്. ഇത് മുഖ്യമന്ത്രിയുടെയും മുഖ്യമന്ത്രിയുടെ ഓഫീസിന്റെയും വ്യക്തമായ അറിവോടെയാണെന്നാണ് സൂചന. മറ്റ് മാദ്ധ്യമങ്ങൾക്കും ഡൽഹിയിൽ വച്ച് തന്നെ അഭിമുഖം നൽകാമെന്ന് ഓഫീസ് അറിയിച്ചിരുന്നു.

അഭിമുഖത്തിനിടെ ഒരാൾ കൂടി അവിടേക്ക് കയറിവന്നതാണെന്നും ലേഖികയ്ക്കൊപ്പം വന്നയാളാണെന്നാണ് കരുതിയതെന്നുമാണ് ഇന്നലെ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കിയത്. പി.ആർ കമ്പനി കെയ്സനെക്കുറിച്ച് അറിയില്ലെന്നും ഒരു ഏജൻസിയെയും വന്നയാളെയും അറിയില്ലെന്നുമാണ് മുഖ്യമന്ത്രി കഴിഞ്ഞദിവസം പ്രതികരിച്ചിരുന്നത്.

വയനാട് ദുരന്തത്തിൽ മരിച്ചവർക്ക് ആദരാഞ്ജലി അർപ്പിച്ച് സഭ

സമാനതകളില്ലാത്ത മഹാദുരന്തം

തിരു: വയനാട് ദുരന്തത്തിൽ മരിച്ചവർക്ക് നിയമസഭ ചരമോപചാരം അർപ്പിച്ചു. ദുരന്തത്തിൽപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ച് സഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോകം മുഴുവൻ വയനാടിന് ഒപ്പം നിന്നെന്ന് സ്പീക്കർ മാധ്യമങ്ങൾ പുനരധിവാസത്തിന് വേണ്ട പ്രാധാന്യം നൽകുന്നില്ലെന്നും വിമർശനം.

സമാനതകളില്ലാത്ത മഹാദുരന്തമെന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ചു. 1200 കോടിയുടെ നഷ്ടമുണ്ടായി. ശാസ്ത്രീയ ഭൂവിനിയോഗം, അപകട മുന്നറിയിപ്പ് സംവിധാനം എന്നിവ നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരിതാശ്വാസപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ആവശ്യപ്പെട്ടു. താൽക്കാലിക സഹായം പോലും കേന്ദ്രസർക്കാർ തന്നില്ല. സംസ്ഥാനത്തിന് വേണ്ടത് സമഗ്ര പുനരധിവാസ പാക്കേജാണെന്നും വി.ഡി ഓർമിപ്പിച്ചു.

അതേസമയം, സഹായം പ്രഖ്യാപിക്കാത്ത കേന്ദ്രത്തെ വിമർശിക്കാൻ ഭരണപക്ഷം തയ്യാറായില്ല. മുഖ്യമന്ത്രിയും സ്പീക്കറും കേന്ദ്രസർക്കാരിനെ വിമർശിച്ചില്ല. കേന്ദ്രം സഹായിക്കാത്തത് പരാമർശിക്കാതെ പറ്റില്ലെന്ന് പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടി.

ഒന്നു 'തുമ്മിയാൽ' ഇനി പോലീസ് അറിയും

തിരു : കൊലവിളിയുമായി അഴിഞ്ഞാടുന്ന ഗുണ്ടകളെ, അവരുടെ ലൊക്കേഷൻ ജിയോടാഗ് ചെയ്ത് പൂട്ടും. ഡി.ജി.പി ഷേഖ്ദർവേഷ് സാഹിബ് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകിയ നിർദ്ദേശപ്രകാരമാണ് ഗുണ്ടാവേട്ട ഡിജിറ്റലാക്കുന്നത്. ഗുണ്ടകളുടെ ലൊക്കേഷൻ, പ്രവർത്തനകേന്ദ്രങ്ങൾ,ഒളിസ്ഥലങ്ങൾ എന്നിവ ഡിജിറ്റൽമാപ്പിൽ അടയാളപ്പെടുത്തും. കൃത്യമായ ഇടവേളകളിൽ ജിയോടാഗ് ചെയ്ത ലൊക്കേഷനുകളിൽ ോപോലീസ് എത്തി ഗുണ്ടകളെ നിരീക്ഷിക്കും.

സ്ഥലത്തില്ലെങ്കിൽ കണ്ടെത്തി കസ്റ്റഡിയിലെടുക്കും. തുടരെ കുറ്റകൃത്യങ്ങളിലേർപ്പെട്ടാൽ കരുതൽതടങ്കലിലാക്കുകയോ നാടുകടത്തുകയോ ചെയ്യും. ഗുണ്ടാവിളയാട്ടം വർദ്ധിക്കുകയും ഒന്നരവർഷത്തിനിടെ 438കൊലപാതകങ്ങളും 1358വധശ്രമങ്ങളും ഉണ്ടാവുകയുംചെയ്ത സാഹചര്യത്തിലാണിത്.

കോളനികൾ, ബസ്-റെയിൽവേ സ്റ്റേഷനുകൾ, തിയേറ്ററുകൾ, ബാർഹോട്ടലുകൾ, ഗ്രൗണ്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി ഗുണ്ടകളുടെ താമസസ്ഥലങ്ങൾ ജിയോടാഗ്ചെയ്യും. പോലീസുദ്യോഗസ്ഥർക്കും കൺട്രോൾ റൂമിലും പട്രോളിംഗ് വാഹനങ്ങളിലും ഈ ലൊക്കേഷൻ ലഭ്യമാക്കും. ഏതുഭാഗത്ത് പ്രശ്നങ്ങളുണ്ടായാലും പ്രദേശത്തെ ഗുണ്ടകളെ പൊലീസിന്റെ വരുതിയാലാക്കാൻ ഇതു വഴി സാധിക്കും.

തിരുപ്പതി ലഡ്ഡു വിവാദം; സ്വതന്ത്ര അന്വേഷണ സംഘത്തെ നിയോഗിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: തിരുപ്പതി ലഡ്ഡു വിവാദത്തിൽ സ്വതന്ത്ര അന്വേഷണ സംഘം രൂപീകരിച്ച് സുപ്രീം കോടതി. സിബിഐയിൽ നിന്ന് ഒരു ഉദ്യോഗസ്ഥൻ, ആന്ധ്രാപ്രദേശ് പോലീസിലെ രണ്ട് ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷ അതോറിറ്റിയിലെ സീനിയർ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയതാണ് സുപ്രീം കോടതി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം. സിബിഐ ഡയറക്ടറുടെ മേൽനോട്ടത്തിലായിരിക്കും സംഘത്തിന്റെ പ്രവർത്തനമെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

തിരുപ്പതി ലഡ്ഡു നിർമിക്കാൻ മൃഗക്കൊഴുപ്പ് ഉപയോഗിച്ചെന്ന ആരോപണം അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നേരത്തേ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) രൂപീകരിച്ചിരുന്നു. എന്നാൽ, വിഷയത്തിൽ സുപ്രീം കോടതി ഇടപെടൽ വന്നതോടെ ഈ അന്വേഷണം നിർത്തിവച്ചിരുന്നു.

ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വി വിശ്വനാഥൻ എന്നിവരുടെ ബെഞ്ചാണ് വിഷയം പരിഗണിച്ചത്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഭക്തരുടെ വിശ്വാസപ്രശ്നമായതിനാൽ ഈ വിഷയത്തിൽ രാഷ്ട്രീയ നാടകം ആവശ്യമില്ലെന്ന് സുപ്രീം കോടതി ബെഞ്ച് പറഞ്ഞു.

ചന്ദ്രബാബു നായിഡുവിന്റെ പരാമർശമായിരുന്നു വലിയ വിവാദങ്ങൾക്ക് തുടക്കം കുറിച്ചത്. 'ജഗൻ മോഹൻ റെഡ്ഡിയുടെ നേതൃത്വത്തിലെ വൈഎസ്ആർ കോൺഗ്രസിന്റെ ഭരണസമയത്ത് തിരുമല ലഡ്ഡു പോലും ഗുണനിലവാരമില്ലാത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമിച്ചത്. നെയ്യ് ഉപയോഗിക്കുന്നതിന് പകരം അവർ മൃഗക്കൊഴുപ്പാണ് ഉപയോഗിച്ചത്. എന്നാലിപ്പോൾ ശുദ്ധമായ നെയ്യാണ് ഉപയോഗിക്കുന്നത്. ക്ഷേത്രത്തിൽ എല്ലാം അണുവിമുക്തമാക്കിയിട്ടുണ്ട്. ഇത് ലഡ്ഡുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്'- എന്നായിരുന്നു ചന്ദ്രബാബു നായിഡുവിന്റെ പരാമർശം.

മിസൈൽ ആക്രമണത്തിനിടെ കാട്ടിയത് വലിയ മണ്ടത്തരം, ഇറാന് നഷ്ടമായത് സ്വന്തം സൈനികരുടെ ജീവൻ

ടെഹ്റാൻ: ഇസ്രയേലിനെതിരെ കടുത്ത മിസൈൽ ആക്രമണം കഴിഞ്ഞദിവസം ഇറാൻ നടത്തിയിരുന്നു. ആക്രമണം അരുതെന്ന അമേരിക്കയുടെ മുന്നറിയിപ്പടക്കം അവഗണിച്ചാണ് ബാലിസ്റ്റിക് മിസൈലുകൾ ഇറാൻ തൊടുത്തത്. എന്നാൽ ഇത്തരത്തിൽ മിസൈൽ തൊടുക്കുന്നതിനിടെ തന്നെ ഇറാന് സ്വന്തം സൈനികരുടെ ജീവൻ നഷ്ടമായെന്നാണ് വിവരങ്ങൾ. ഇക്കാര്യം റിപ്പോർട്ട് ചെയ്തത് അന്താരാഷ്ട്ര മാദ്ധ്യമമായ 'ദി സൺ' ആണ്.

ഇറാന്റെ 181 മിസൈൽ ആക്രമണങ്ങളാണ് ഉണ്ടായതെന്നും ഇതെല്ലാം തങ്ങളുടെ മിസൈൽ പ്രതിരോധ സംവിധാനം പരാജയപ്പെടുത്തി എന്നുമാണ് ഇസ്രയേൽ അറിയിച്ചത്. എന്നാൽ മിസൈൽ ലോഞ്ചിനിടെ ലോഞ്ച്പാട് തകർന്നുവീണ് ഇറാന്റെ രണ്ട് സൈനികർ മരിച്ചു. മിസൈലുകൾ പൊട്ടിത്തെറിച്ചാണ് അപകടം. ഇറാൻ റെവല്യൂഷണറി ഗാർഡ് അംഗങ്ങളായ 12 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഉച്ചത്തിൽ സ്ഫോടനം ഉണ്ടായില്ലെന്നും എന്നാൽ എന്തോ തകരുന്നതായി ശബ്ദം കേട്ടെന്നും പ്രദേശവാസിയായ ഒരു സ്ത്രീ അറിയിച്ചു. തിരിച്ചറിഞ്ഞാൽ ഭരണകൂടം ശക്തമായ പ്രതികാരം ചെയ്യും എന്നതിനാൽ ഇവർ പേര് വെളിപ്പെടുത്തിയില്ല.

ആഘാതത്തിൽ അടുത്തുള്ള കെട്ടിടങ്ങൾ കുലുങ്ങി. തീയും മുകളിലേക്ക് ഉയർന്നതോടെ സമീപവാസികളായ ജനങ്ങൾ ഇറങ്ങിയോടി. 22.5 ടൺ ഭാരമുള്ള സെജിൽ ബാലിസ്റ്റിക് മിസൈലാണ് പൊട്ടിത്തെറിച്ചതെന്നാണ് വിവരം. അനൗദ്യോഗികമായി ലഭ്യമായ വിവരമനുസരിച്ച് അഞ്ചുപേരാണ് അപകടത്തിൽ മരിച്ചത്. ഇറാൻ തിരിച്ചടിയിൽ ഇസ്രയേൽ സ്വദേശികളാരും മരിച്ചില്ലെങ്കിലും ഒരു പാലസ്തീൻ സ്വദേശി മരിച്ചിരുന്നു.

ഹിസ്ബുള്ള തലവൻ ഹസൻ നസ്റള്ളയടക്കം ആളുകളെ ഇസ്രയേൽ ഇല്ലാതാക്കിയത് ദിവസങ്ങൾക്ക് മുൻപാണ്. ഇതിനിടെ ആയിരക്കണക്കിന് ഇസ്രയേലി കുടുംബങ്ങൾ ടെൽ അവീവിലെ കടലോരത്തെത്തി. ജൂതരുടെ പുതുവർഷം ആചരിക്കാനായിരുന്നു ഇത്. ഇറാന്റെ എണ്ണ പ്ളാന്റുകൾക്കും റിഗ്ഗുകൾക്കും നേരെ ആക്രമണം നടത്താൻ ഇസ്രയേൽ പ്രതിരോധവിഭാഗം തീരുമാനിച്ചിരുന്നു. ഇതിലൂടെ ഇറാന്റെ ആണവായുധ ഭീഷണി തടയാനാണ് ശ്രമം. ഹിസ്ബുള്ളയ്ക്കെതിരെ ആക്രമണം നടത്തവെ ബെയ്റൂട്ടിൽ ഇന്റലിജൻസ് ആസ്ഥാനത്ത് ഇസ്രയേൽ വ്യോമാക്രമണം നടത്തിയിരുന്നു. ചുരുങ്ങിയത് ആറുപേരെങ്കിലും മരിച്ചതായാണ് വിവരം.

റോഡ് നിർമാണത്തിനിടെ മണ്ണിടിച്ചിൽ; തൊഴിലാളിക്ക് ദാരുണാന്ത്യം

കണ്ണൂർ: റോഡ് നിർമാണത്തിനിടെ മണ്ണിടിഞ്ഞ് ഒരാൾ മരിച്ചു. ചന്ദനത്തോട് സ്വദേശി പീ?റ്റർ ചെറുവത്താണ് മരിച്ചത്. നെടുംപായിൽ മാനന്തവാടി പേര്യ ചുരംറോഡ് നിർമാണത്തിനിടയിൽ ഇന്ന് രാവിലെ എട്ടരയോടെയായിരുന്നു അപകടം. രണ്ട് തൊഴിലാളികൾക്ക് പരിക്കേറ്റിട്ടുണ്ട്.

മട്ടന്നൂർ സ്വദേശി മനോജ്, കണിച്ചാർ സ്വദേശി ബിനു എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ തലശേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഭാഗികമായി തകർന്ന റോഡിന് താഴ്വശത്തായി കോൺക്രീറ്റ് ചെയ്യുന്നതിന് കമ്പികൾ കെട്ടുന്നതിനിടയിലായിരുന്നു അപകടം. സംഭവ സ്ഥലത്തുവച്ചുതന്നെ കമ്പികൾക്കിടയിൽ കുടുങ്ങി പീറ്റർ മരിക്കുകയായിരുന്നു.

ബസിടിച്ച് അമ്മയും മക്കളും റോഡിൽ; കുട്ടി അടിയിൽ പെട്ടതറിയാതെ ഡ്രൈവർ ബസെടുത്തു; ദാരുണാന്ത്യം

കോട്ടയം: ഡാൻസിനു ഡ്രസ് എടുക്കാൻ അമ്മയ്ക്കൊപ്പം പോകുന്നതിനിടെ ബസിടിച്ച് എട്ടുവയസുകാരിക്ക് ദാരുണാന്ത്യം. എംസി റോഡിൽ അമ്പലംകുന്നിൽ ഇന്നലെ വൈകിട്ട് 4 മണിയോടെയായിരുന്നു അപകടം. അമ്മയോടൊപ്പം സ്കൂട്ടറിൽ സഞ്ചരിക്കുമ്പോൾ കെഎസ്ആർടിസി ഫാസ്റ്റ് പാസഞ്ചർ ബസ് ഇടിച്ചാണ് അപകടമുണ്ടായത്. ഇടയാർ കൊച്ചുമലയിൽ കെ.എ. അരുണിന്റെയും അശ്വതിയുടെയും മകൾ ആരാധ്യയാണു മരിച്ചത്. അശ്വതിക്കും (36), ഇളയ മകൾ ആത്മികയ്ക്കും (4) പരുക്കുണ്ട്.

സ്കൂളിലെ ഡാൻസ് പരിപാടിക്കു വസ്ത്രം വാങ്ങാൻ കൂത്താട്ടുകുളത്തേക്കു പോവുകയായിരുന്നു അമ്മയും രണ്ടു മക്കളും. ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിനെ ബസ് മറികടക്കുമ്പോഴായിരുന്നു അപകടം. ബസിന്റെ പിൻഭാഗം സ്കൂട്ടറിൽ ഇടിച്ചതിനെ തുടർന്നു മൂവരും റോഡിൽ വീണു. ആരാധ്യയുടെ ദേഹത്തു ബസിന്റെ പിൻചക്രം കയറിയിറങ്ങി. അപകടം നടന്നയുടൻ കണ്ടക്ടർ ബെല്ലടിച്ച് ബസ് നിർത്തിച്ചെങ്കിലും കുട്ടി അടിയിൽ പെട്ടതറിയാതെ ഡ്രൈവർ വീണ്ടും ബസ് മുന്നോട്ടെടുത്തതായി യാത്രക്കാർ പറഞ്ഞു.

അഗ്നിരക്ഷാ സേനയെത്തിയാണു കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത്. പാമ്പാക്കുട അഡഞ്ചർ പബ്ലിക് സ്കൂൾ മൂന്നാം ക്ലാസ് വിദ്യാർഥിയാണ് ആരാധ്യ. അശ്വതി ഇതേ സ്കൂളിൽ അധ്യാപികയാണ്. പിതാവ് അരുൺ വിദേശത്താണ്. സംസ്കാരം പിന്നീട്.

എരുമേലിയിൽ കുറി തൊടാൻ ഫീസ് ഏർപ്പെടുത്തിയതിനെതിരെ ഹൈക്കോടതി

കൊച്ചി: എരുമേലിയിൽ കുറി തൊടുന്നതിന് ഭക്തരിൽ നിന്ന് പണംപിരിക്കുന്നതിന് ദേവസ്വം ബോർഡിനെ വിമർശിച്ച് ഹൈക്കോടതി. ക്ഷേത്രത്തിനകത്താണോ കുറി തൊടാൻ പണം വാങ്ങുന്നതെന്നും ഭക്തരെ ചൂഷണം ചെയ്യാൻ സമ്മതിക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. കുറി തൊടുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് പുതിയ തീരുമാനമെടുത്തതിനെ വിമർശിക്കുകയായിരുന്നു ഹൈക്കോടതി.

ആരും ഭക്തരെ ചൂഷണം ചെയ്യാതിരിക്കാനാണ് കരാർ നൽകിയതെന്നും നിർബന്ധിച്ച് ചെയ്യിപ്പിക്കില്ലെന്നും ദേവസ്വം ബോർഡ് അറിയിച്ചു. തീർത്ഥാടനകാലത്ത് എരുമേലിയിലെത്തുന്ന അയ്യപ്പഭക്തർക്ക് പേട്ടതുള്ളിയശേഷം കുളികഴിഞ്ഞാൽ കുറി തൊടുന്നതിനും പണം നൽകണമെന്നായിരുന്നു ദേവസ്വം ബോർഡ് അടുത്തിടെ അറിയിച്ചത്. ഇതോടെ പുതിയ കരാർ നൽകുകയും ചെയ്തു.

ചന്ദനക്കുറി തൊടാനെത്തുന്ന ഭക്തരിൽ നിന്ന് പത്ത് രൂപ വീതം വാങ്ങാമെന്നാണ് ദേവസ്വം ബോർഡ് നിശ്ചയിച്ചിരുന്നത്. ഇതാണ് ഇക്കുറി ലേലത്തിൽ ഉൾപ്പെടുത്തി ദേവസ്വംബോർഡ് കരാർ നൽകിയത്. ഇതോടെ അയ്യപ്പസേവാസമാജം ഉൾപ്പെടെയുള്ള ഹൈന്ദവസംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. പിന്നാലെയാണ് ദേവസ്വം ബോർഡിനെ വിമർശിച്ച് ഹൈക്കോടതിയും രംഗത്തെത്തിയത്.

കുറി തൊടുന്നതിന് പണമീടാക്കുന്നതിലൂടെ ദേവസ്വം ബോർഡിന് ഏഴ് ലക്ഷമാണ് ലഭിക്കുന്നതെങ്കിൽ കരാറുകാരന് കോടികളാകും ലഭിക്കുകയെന്നും കോടതി പറഞ്ഞു. കൂടുതൽ വിവരങ്ങൾ അന്വേഷിച്ച് കൈമാറണമെന്നും ഹർജി ചൊവ്വാഴ്ച വീണ്ടും പരിഗണിക്കുമെന്നും കോടതി അറിയിച്ചു.

'എന്റെ നെഞ്ചത്തു കയറാൻ ഒരു സഖാവും വരണ്ട; തല്ലാൻ വിടുന്നവന്റെ തലയ്ക്കടിക്കും'

കണ്ണൂർ: തന്റെ നെഞ്ചത്തേക്ക് കയറാൻ ഒരു സഖാവും വരേണ്ടെന്ന് പി.വി.അൻവർ എംഎൽഎ. തന്നെ തല്ലാൻ ആരെയെങ്കിലും വിട്ടാൽ വിട്ടവന്റെ തലയ്ക്കടിക്കും. താൻ ഇല്ലാതായാലും അതിനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. എനിക്ക് നേരെ മെക്കിട്ട് കേറാൻ വന്നാൽ പറഞ്ഞു വിടുന്നവരെ കൈകാര്യം ചെയ്യാൻ സംവിധാനമുണ്ട്.

നിയമസഭയിൽ പ്രതിപക്ഷത്തിനൊപ്പം ഇരിക്കാൻ തയാറല്ല. ആവശ്യമെങ്കിൽ സഭയിൽ മുണ്ട് വിരിച്ചിരിക്കാനും മടിയില്ല. കണ്ണൂരിൽ സിപിഎം ഔദ്യോഗിക പദവി വഹിക്കുന്ന വഹിക്കുന്ന നേതാവാണ് തനിക്കൊപ്പമുള്ളത്. അത് പി. ജയരാജനല്ലെന്നും എംഎൽഎ കൂട്ടിച്ചേർത്തു.

ഇതിനിടെ പി.വി.അൻവറിനെ വീണ്ടും കേസിൽ കുരുക്കി സർക്കാർ. ഫോൺ ചോർത്തലിൽ ഒരു കേസ് കൂടി എടുത്തു. അരീക്കോട് എംഎസ്പി ക്യാംപിൽവച്ച് ഫോൺ ചോർത്തിയെന്ന പരാമർശത്തിലാണ് മഞ്ചേരി പോലീസ് കേസ് എടുത്തത്. ഫോൺ ചോർത്തിയെന്ന് ആരോപിച്ച് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പുറത്തുവിട്ടിരുന്നു. കേസുകൾ കൂടുന്നതിനാൽ നിയമപഠനം ആലോചിക്കുന്നുവെന്ന് പി.വി.അൻവർ പ്രതികരിച്ചു.

'മതങ്ങളെ കൂട്ടിയോജിപ്പിക്കാനാണ് ശ്രമിച്ചത്, ശിക്ഷിച്ചാലും അവർക്കൊപ്പം'; വികാരാധീനനായി മനാഫ്

കോഴിക്കോട്: മതസ്പർദ്ദ വളർത്താൻ ശ്രമിച്ചിട്ടില്ലെന്ന് ഷിരൂർ മണ്ണിടിച്ചിലിൽ മരണപ്പെട്ട അർജുന്റെ ലോറിയുടമ മനാഫ്. ശിക്ഷിച്ചാലും കുടുംബത്തോടൊപ്പം നിൽക്കും. വലിയ മാനസിക സംഘർഷത്തിലാണിപ്പോഴെന്നും മനാഫ് പറഞ്ഞു. വളരെ വികാരാധീനമായിട്ടായിരുന്നു മനാഫ് മാദ്ധ്യമങ്ങളോട് പ്രതികരിച്ചത്.

'ഞാൻ മതങ്ങളെ കൂട്ടിയോജിപ്പിക്കാനാണ് ശ്രമിക്കുന്നത്. മനാഫ് ഒരിക്കലും മതങ്ങളെ തമ്മിൽ തല്ലിക്കില്ല. അറിഞ്ഞുകൊണ്ട് ആ കുടുംബത്തോട് ഒരു തെറ്റും ചെയ്തിട്ടില്ല. ഇന്നലെ പത്രസമ്മേളനത്തിൽ മാപ്പും പറഞ്ഞതാണ്. ഒരിക്കലും അവർക്കെതിരേ മോശം കമന്റിടരുത്, സൈബർ ആക്രമണം നടത്തരുത് എന്നുതന്നെയാണ് ഞാൻ പറഞ്ഞിട്ടുള്ളത്. എന്നെക്കൊണ്ട് കഴിയുന്നതിന്റെ പരമാവധി ഞാൻ അഭ്യർത്ഥിച്ചു. ഇതുവരെ ഞാൻ ആ കുടുംബത്തോടൊപ്പമായിരുന്നു. ഇനി എന്നെ കേസിൽ ശിക്ഷിച്ചാലും ഞാൻ അവർക്കൊപ്പമാണ്. അർജുനെ കിട്ടിയതോടെ ജീവിതത്തിൽ സമാധാനം കിട്ടുമെന്ന് വിചാരിച്ചു. അതില്ല.'

സൈബർ ആക്രമണവുമായി ബന്ധപ്പെട്ട് അർജുന്റെ കുടുംബം നൽകിയ പരാതിയിൽ പോലീസെടുത്ത കേസിൽ മനാഫും പ്രതിയാണ്. സമൂഹത്തിൽ ചേരിതിരിവുണ്ടാക്കാൻ ശ്രമം നടത്തിയതിനുള്ള വകുപ്പും ചുമത്തിയിട്ടുണ്ട്. പോലീസ് ഇന്ന് അർജുന്റെ കുടുംബത്തിന്റെ മൊഴി രേഖപ്പെടുത്തും. കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയുണ്ടാകുമെന്നാണ് പോലീസ് അറിയിച്ചത്. സോഷ്യൽ മീഡിയ അക്കൗണ്ടുകളും അന്വേഷണ സംഘം പരിശോധിക്കും.

സമൂഹമാദ്ധ്യമങ്ങളിൽ വർഗീയ അധിക്ഷേപം നടക്കുന്നുവെന്ന് കാണിച്ചാണ് അർജുന്റെ കുടുംബം സിറ്റി പൊലിസ് കമ്മിഷണർക്ക് പരാതി നൽകിയത്. അർജുന്റെ ഭാര്യ കൃഷ്ണപ്രിയ, സഹോദരി അഞ്ജു, സഹോദരീ ഭർത്താവ് ജിതിൻ എന്നിവർ നേരിട്ടെത്തിയാണ് കമ്മിഷണർക്ക് പരാതി നൽകിയത്.

കുടുംബത്തിന്റെ വൈകാരികതയെ മനാഫ് ചൂഷണം ചെയ്യുകയാണെന്നടക്കമുള്ള ആരോപണങ്ങളുമായി ബുധനാഴ്ച കുടുംബം വാർത്താസമ്മേളനം നടത്തിയിരുന്നു. ഇതിനുശേഷമാണ് അർജുന്റെ കുടുംബത്തിനു നേരെ സോഷ്യൽ മീഡിയയിലൂടെ വ്യാപകമായ ആക്രമണമുണ്ടായത്.

തൂണേരി ഷിബിൻ വധക്കേസ്: ലീഗ് പ്രവർത്തകരായ ആറു പ്രതികളും കുറ്റക്കാർ

കോഴിക്കോട്: നാദാപുരം മേഖലയിൽ ഏറെ രാഷ്ട്രീയ സംഘർഷങ്ങൾക്കു കാരണമായ തൂണേരി ഷിബിൻ വധക്കേസിൽ ലീഗുകാർ കുറ്റക്കാരെന്ന് ഹൈക്കോടതി.

കുറ്റക്കാരെന്ന് കണ്ടെത്തിയ ആദ്യ ആറുപ്രതികളും ലീഗ് പ്രവർത്തകരാണ്. കേസിലെ 17 പ്രതികളെ വിചാരണക്കോടതി വെറുതെ വിട്ടിരുന്നു. 2015 ജനുവരി 22നാണ് ഡിവൈഎഫ്ഐ പ്രവർത്തകനായ ഷിബിൻ കൊല്ലപ്പെട്ടത്. മുസ്ലിം ലീഗ് പ്രവർത്തകരായ പ്രതികൾ വർഗീയവും രാഷ്ട്രീയവുമായ കാരണങ്ങളാൽ സിപിഎം പ്രവർത്തകരെ മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിച്ചുവെന്നായിരുന്നു പ്രോസിക്യൂഷൻ കേസ്.

കേസിൽ വിചാരണ നേരിട്ട 17 പ്രതികളെയും കുറ്റക്കാരല്ലെന്നു കണ്ട് എരഞ്ഞിപ്പാലം മാറാട് പ്രത്യേക കോടതി നേരത്തെ വിട്ടയച്ചിരുന്നു. പ്രതികൾക്കെതിരെ ചുമത്തിയ കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതായും അതിനാൽ സംശയത്തിന്റെ ആനുകൂല്യം നൽകി വിട്ടയയ്ക്കുകയാണെന്നും വിധിന്യായത്തിൽ ജഡ്ജി എസ്. കൃഷ്ണകുമാർ വ്യക്തമാക്കി.

മാറാട് പ്രത്യേക കോടതി വിധിക്കെതിരെ പോലീസ് ഹൈക്കോടതിയിൽ അപ്പീൽ ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിട്ടയച്ച പ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മകളുടെ കല്യാണത്തിന് ടോംയാസ് 7 യുവതികൾക്ക് 4 പവൻ വീതം വിവാഹസഹായം നൽകി

മകൾ അഞ്ജലിയുടെ വിവാഹത്തിനോടനുബന്ധിച്ച് ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടി 7 യുവതികൾക്ക് 4 പവൻ വീതം സ്വർണ്ണം സഹായമായി നൽകുന്ന ചടങ്ങ് കലാമണ്ഡലം ഗോപിയാശാനും സി.എം.ഐ. സഭയുടെ ദേവമാതാ മുൻ പ്രൊവിൻഷ്യാൽ ഫാ. ഡേവീസ് പനയ്ക്കലും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. വരൻ അക്ഷയ്, വധു അഞ്ജലി, തോമസ് പാവറട്ടി എന്നിവർ സമീപം.

തൃശ്ശൂർ: മകൾ അഞ്ജലിയുടെ വിവാഹത്തിനോടനുബന്ധിച്ച് ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടി 7 യുവതികൾക്ക് വിവാഹസഹായമായി 4 പവൻ സ്വർണ്ണം വീതം നൽകി. ഒക്ടോബർ അഞ്ചിനാണ് വിവാഹം. പേരാമംഗലം ടോംയാസ് ഗാർഡനിൽ നടന്ന ചടങ്ങ് കലാമണ്ഡലം ഗോപിയാശാനും സി.എം.ഐ സഭയുടെ മുൻ ദേവമാതാ പ്രൊവിൻഷ്യാൽ ഫാ. ഡേവീസ് പനയ്ക്കലും ചേർന്ന് ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ ടോംയാസ് മാനേജിംഗ് ഡയറക്ടർ തോമസ് പാവറട്ടി അദ്ധ്യക്ഷത വഹിച്ചു. ഭാര്യ അനിത യുവതികളെ സ്വീകരിച്ചു. സഹായം സ്വീകരിച്ച വരിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള ഹിന്ദും, മുസ്ലീം, ക്രിസ്ത്യൻ യുവതികൾ ഉൾപ്പെടും. മുതിർന്ന മാധ്യമപ്രവർത്തകൻ സി. എ. കൃഷ്ണൻ, പ്രസിദ്ധ ചിത്രകാരൻ വി.എം. ബഷീർ, കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസ്സോസിയേഷൻ പ്രസിഡന്റ് പി.എം. മുകുന്ദൻ, മുൻ ഗവ. അഡീഷണൽ സെക്രട്ടറി ഷെല്ലി പോൾ, തോമസ് പാവറട്ടിയുടെ മകനും, ഡിജിറ്റൽ മാർക്കറ്റിംഗ്സ്ഥാപനമായ മെയ്ക്കേഴ്സ് കൊച്ചിയുടെ ഉടമയുമായ നിതീഷ് ടി. എന്നിവർ സംസാരിച്ചു. ചാവക്കാട് ഒരുമനയൂർ കുറുമ്പൂർ വീട്ടിൽ സുശീലൻ വാസുവിന്റെ മകൻ അക്ഷയ് ആണ് വരൻ.

ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിൽ നവരാത്രി നൃത്ത-സംഗീതോൽസവത്തിന് തുടക്കമായി

ഇരിങ്ങാലക്കുട : ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിൽ നവരാത്രി നൃത്ത-സംഗീതോൽസവത്തിന് തുടക്കമായി. ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര നടയിൽ നടന്ന ചടങ്ങിൽ ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി നവരാത്രി മഹോൽസവ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

ഭരണ സമിതി അംഗം മുരളി ഹരിതം അധ്യക്ഷത വഹിച്ചു. അംഗങ്ങളായ രാഘവൻ മുളങ്ങാടൻ, അഡ്വ കെ ജി അജയകുമാർ, കെ ബിന്ദു, മുൻ മെമ്പർ ഭരതൻ കണ്ടേങ്കാട്ടിൽ, അഡ്മിനിസ്ട്രേറ്റർ ഉഷാനന്ദിനി കെ എന്നിവർ സംസാരിച്ചു.

വൈകീട്ട് തിരുവാതിരക്കളിയോടെയാണ് പരിപാടികൾക്ക് തുടക്കമായത്. ഒക്ടോബർ 13 വരെ നീണ്ടു നിൽക്കുന്ന എഴുപതോളം കലാപരിപാടികളിൽ 700 ൽ പരം കലാകാരൻമാർ പങ്കെടുക്കും.

പാതി വഴിയിൽ നിലച്ച വീട് പണി: 11,68,600 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: നിശ്ചയിച്ച സമയത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി. തൃശൂർ കാഞ്ഞാണി സ്വദേശി ഷിബു കൊല്ലാറ ഫയൽ ചെയ്ത ഹർജിയിലാണ് കോയമ്പത്തൂരിലുള്ള ഇന്നോക്സ് സ്ട്രക്ചറൽ സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വിധിയായത്.

നാല് മാസം കൊണ്ട് പണി പൂർത്തീകരിച്ച് നല്കാമെന്ന് വാക്കാൽ പറഞ്ഞാണ് എതിർകക്ഷി പണി ഏറ്റെടുത്തിരുന്നത്. അപ്രകാരം പണി നടത്തുന്നതിൽ വീഴ്ച വരുത്തിയപ്പോൾ രേഖാപരമായി കരാറുണ്ടാക്കുകയായിരുന്നു.1972 സ്കയർ ഫീറ്റ് വരുന്ന വീട്, സ്കയർ ഫീറ്റിന് 1200 രൂപ വെച്ച് മൊത്തം 23,66,400 രൂപക്ക് പൂർത്തിയാക്കാമെന്നാണ് എതിർകക്ഷി ഏറ്റിരുന്നത്.

നിലവിലുള്ള വീട് പൊളിച്ചു കളഞ്ഞാണ് പുതിയ വീട് പണി ആരംഭിച്ചിരുന്നത്. എന്നാൽ ഭാഗികമായി പണികൾ നിർവ്വഹിച്ച് തുടർന്ന് ചെയ്യാതിരിക്കുകയാണുണ്ടായത്.പ രമ്പരാഗതസമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായ നിർമ്മിതിയായിരുന്നു വീടിന് നിശ്ചയിച്ചിരുന്നത്. പണികൾ എതിർകക്ഷി നിർവ്വഹിക്കാതിരുന്നതിനാൽ ഇരുമ്പ് തൂണുകളും കോണിയും മറ്റും തുരുമ്പ് പിടിച്ച് നില്ക്കുന്ന അവസ്ഥയിലാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. കോടതി നിയോഗിച്ച വിദഗ്ദകമ്മീഷണർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് എതിർകക്ഷി നിയമവിരുദ്ധമായി ഈടാക്കിയ 758600 രൂപയും നഷ്ട പരിഹാരമായി 400000 രൂപയും ചിലവിലേക്ക് 10000 രൂപയും അടക്കം 11,68,600 രൂപയും ഹർജി തിയ്യതി മുതൽ 9 % പലിശയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

നാടകപുരസ്കാരം സുനിൽ ജി വക്കത്തിന്

തൃശൂർ: ഗ്രാമിക കലാവേദി ഏർപ്പെടുത്തിയ മോഹൻ-സുബ്രഹ്മണ്യൻ നാടകപുരസ്കാരം 2024 പ്രമുഖ നാടകപ്രവർത്തകൻ സുനിൽ ജി വക്കത്തിന്. 10,000 രൂപയും പ്രശശ്തി പത്രവും സ്മൃതി ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം.

വയോജന ക്ലിനിക്കിന്റെ ഉദ്ഘാടനം

തൃശൂർ: അന്തരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് ഐ എം എ കേരള ഘടകത്തിന്റെ ആഹ്വാനം അനുസരിച്ച് ഇരങ്ങാലക്കുട മെട്രോ ആശുപതിയിൽ ആരംഭിച്ച വയോജന ക്ലിനിക്കിന്റെ ഉദ്ഘാടനം മെട്രോ ആശുപത്രി മാനേജിങ് ഡയറക്ടർ ഡോക്ടർ എം ആർ രാജീവ് നിർവഹിച്ചു. ഐ എം എ ഇരിഞ്ഞാലക്കുട യൂണിറ്റ് പ്രസിഡണ്ട് ഡോക്ടർ ഉഷാകുമാരി അധ്യക്ഷത വഹിച്ചു.

വയോജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അവർക്കുവേണ്ട കരുതലും പരിചരണവും ശുശ്രൂഷയും നൽകേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും IMA IMAGE തൃശൂർ ജില്ലാ കോ ഓർഡിനേറ്റർ ഡോക്ടർ ഹരീന്ദ്രനാഥ് പ്രഭാഷണം നടത്തി. മാനേജർ മുരളിദത്തൻ സ്വാഗതം പറഞ്ഞു. തുടർന്ന് രോഗികളായ വയോജനങ്ങളെ ഡോക്ടർമാർ പരിശോധിച്ചു

ഭാവന ഓറക്സ് ബിൽഡേഴ്സിന്റെ ബ്രാൻഡ് അംബാസഡർ

ഓറക്സ് ബിൽഡേഴ്സ് ഗ്രൂപ്പിന്റെ ബ്രാൻഡ് അംബാസഡറായി സിനിമാ താരം ഭാവനയെ അവതരിപ്പിച്ചപ്പോൾ. ഓറക്സ് ഗ്രൂപ്പിന്റെ ചെയർമാൻ അജിത്ത് പൂലോത്ത്, എംഡി ബാലചന്ദ്രൻ സി എം, ഡയറക്ടർമാരായ അജിത്ത്കുമാർ പണിക്കത്ത്, സുരേഷ് കുമാർ പണിക്കത്ത് എന്നിവർ സമീപം.

തൃശ്ശൂർ : ഭവന നിർമ്മാണ രംഗത്ത് അതിവേഗ വളർച്ചയുടെ ചരിത്രം കുറിച്ച ഓറക്സ് ഗ്രൂപ്പിന്റെ ബ്രാന്റ് അംബാസിഡറായി പ്രശസ്ത സിനിമാതാരം ഭാവനയെ തിരഞ്ഞടുത്തു. പ്രൊജക്ടുകളിൽ സാധാരണ രീതി പിന്തുടരുന്നതിന് പകരം ഓരോ ഉപഭോക്താവിനും ഒരുപോലെ ഇണങ്ങുന്ന ബിൽഡിങ് ഡിസൈനുകളാണ് ഓറക്സിനെ മറ്റ് ബിൽഡേഴ്സിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. തൃശ്ശൂരിൽ പ്രവർത്തനമാരംഭിച്ച ഓറക്സ് ഗ്രൂപ്പ് കുറഞ്ഞ കാലം കൊണ്ടാണ് കേരളത്തിൽ വിശ്വാസ്യതയുടെ മുഖമായി മാറിയത്. പ്രൊജക്ടുകളിൽ മികവ് പുലർത്തുക എന്നതിനൊപ്പം സാധാരണക്കാരുടെ ബഡ്ജറ്റിന് അനുയോജ്യമായ പ്രൊജക്ടുകൾ വിജയകരമായി പൂർത്തിയാക്കുന്നതിലും ഓറക്സ് ഗ്രൂപ്പ് പ്രത്യേകം ശ്രദ്ധചെലുത്തുന്നു. മുളങ്കുന്നത്തുകാവിലെ ഓറക്സ് ലിയാർഡാണ് ഓറക്സ് ബിൽഡേഴ്സിന്റെ പണിപൂർത്തീകരിച്ച് കൊണ്ടിരിക്കുന്ന ഒരു പ്രൊജക്ട്. തൃശ്ശൂർ നഗരത്തിനടുത്ത് മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിന് സമീപം എല്ലാവിധ പ്രീമിയം സൗകര്യങ്ങളുമായി പണിപൂർത്തീകരിച്ച് കൊണ്ടിരിക്കുന്ന ഓറെക്സ് ലിയാർഡിലെ 2 & 3 BHK സാംപിൾ അപ്പാർട്ട്മെന്റുകൾ നേരിൽ വന്ന് കണ്ട് ബുക്ക് ചെയ്യാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. സ്വന്തമായി ഒരു വീട് ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും അവരുടെ പോക്കറ്റിനിണങ്ങുന്ന രീതിയിൽ ഡിസൈൻ ചെയ്ത ഒരു പ്രൊജക്ടാണ് ഓറക്സ് ലിയാർഡ്. SBI, HDFC, ICICI തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ ബാങ്കുകളുടെ അപ്രൂവൽ ലഭിച്ചിട്ടുള്ള പ്രൊജക്ട് ആയത്കൊണ്ട് തന്നെ ഏറ്റവും എളുപ്പം ഫിനാൻസ് സൗകര്യവും ലഭ്യമാണ്. റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാന്റ്, ഹോസ്പിറ്റൽ, കോളേജ്, സ്കൂൾ, മെഡിക്കൽ കോളേജ് തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങളെല്ലാം കൈയ്യെത്തും ദൂരത്തിലാണ് ഓറക്സ് ലിയാർഡ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഈ ഒക്ടോബർ മാസം ഓറക്സ് ലിയാർഡ് അപ്പാർട്ട്മെന്റുകൾ ബുക്ക് ചെയ്യുന്നവർക്ക് ആകർഷകമായ ഓഫറുകൾ സ്വന്തമാക്കാനുള്ള സുവർണ്ണാവസരവും ഓറെക്സ് ഒരുക്കിയിട്ടുണ്ട്.

അജിത് പൂലോത്ത് ചെയർമാൻ, ബാലചന്ദ്രൻ സി എം (എംഡി) അജിത്കുമാർ പണിക്കത്ത്, സുരേഷ്കുമാർ പണിക്കത്ത് (ഡയറക്ടർമാർ എന്നിവർ വാർത്തസമ്മേളനത്തിൽ പദ്ധതി സംബന്ധിച്ച് വിശദീകരിച്ചു.

വയോജന സംഗമം

ഒക്ടോബർ രണ്ടാം തീയതി രാഷ്ട്രപിതാവ് ഗാന്ധിജിയുടെയും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെയും ജന്മദിനമാണ്. ഈ ദിവസമാണ് അവിട്ടത്തൂർ സ്പേസ് ലൈബ്രറി അവിട്ടത്തൂർ നിവാസികളായ മുതിർന്ന പൗരൻമാരെ സംഘടിപ്പിച്ചുകൊണ്ട് വയോജന സംഗമം നടത്തിയത്. രാവിലെ മുതൽ വൈകുന്നേരം വരെ ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന കൂട്ടായ്മയിൽ 65 വയസ്സിൽ മുകളിലുള്ള ഇരുന്നറിലധികം ആളുകളാണ് പങ്കെടുത്തത്. 97 വയസ്സുള്ള റിട്ടയേർഡ് അധ്യാപകനും ഈ സംഗമത്തിൽ പങ്കാളിയായിരുന്നു. ?? ഒരു ക്ലാസ്റൂം സൃഷ്ടിച്ച് ക്ലാസ്സ് തുടങ്ങുന്ന ബെല്ലടിച്ച് വയോജനങ്ങളായ കുട്ടികളുടെ ഹാജർ വിളിച്ചാണ് പരിപാടിക്ക് തുടക്കമായത് . ഉച്ച ഭക്ഷണത്തിന്നു ശേഷം എല്ലാ അംഗങ്ങളും മത്സരിച്ച് പങ്കെടുത്ത കലാപരിപാടികൾ ഉണ്ടായിരുന്നു. ജീവിതത്തിൽ ഒരിക്കൽ പോലും ചാടി തുള്ളാത്ത ആളുകൾ പരിസരം മറന്നാണ് ഈ പരിപാടിയിൽ സജീവമായി പങ്കുകൊണ്ടത്. തങ്ങളുടെ കലാ നൈസർഗ്ഗിതയ്ക്ക് ഒട്ടും തന്നെ കോട്ടം തട്ടിയിട്ടില്ലായെന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണ് ഓരോരുത്തരും പരിപാടിയിൽ പങ്കാളികളായത്. പാട്ടും ആട്ടവുമെക്കെയായി വൈകുന്നേരം ആയത് ആരും തിരിച്ചറിഞ്ഞതേയില്ല. പരിപാടി കഴിഞ്ഞ് തിരിച്ചു പോകാൻ പലർക്കും വലിയ വിമുഖതയായിരുന്നു. പങ്കെടുത്ത പലർക്കും തങ്ങൾ പത്തിരുപഞ്ചു വയസ്സ് ചെറുപ്പമായി എന്ന അഭിപ്രായവും രേഖപ്പെടുത്തുകയുണ്ടായി.

വയോജന സംഗമം സ്പേസ് ലൈബ്രറി പ്രസിഡണ്ട് ശ്രീ. കെ.പി രാഘവ പൊതുവാൾ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഡോ. മുരളി ഹരിതം വയോജനങ്ങളുമായി സംവദിച്ചു. സർവ്വശ്രീ. ബാലൻ അമ്പാടത്ത്, കാർത്തികേയൻ മാസ്റ്റർ, ബിന്ദു പൊന്നാത്ത്, രുദ്രൻ നമ്പൂതിരി,രുദ്രൻ മാസ്റ്റർ, സുരേഷ് സവിധം, സതി ടീച്ചർ, രത്നവല്ലി ടീച്ചർ എന്നിവർ സംസാരിച്ചു. വയോജന വേദി പ്രസിഡണ്ട് വനജ തെക്കാട്ട് സ്വാഗതവും, സെക്രട്ടറി സുഭദ പെന്നിഞ്ചാത്ത് നന്ദിയും രേഖപ്പെടുത്തി.

82 പേർ രക്തം ദാനം ചെയ്ത് അമലയിൽ ദേശീയ രക്തദാന ദിനം ആചരിച്ചു

അമല നഗർ: ദേശീയ സന്നദ്ധ രക്തദാന ദിനത്തോടനുബന്ധിച്ച്, അമല അലയ്ഡ് ഹെൽത്ത് സയൻസസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ, രക്തദാന ക്യാമ്പ് നടത്തി. അമല ചാപ്പലിൽ വച്ചു നടന്ന പൊതു മീറ്റിങ്ങിൽ, പേരാമംഗലം, പോലീസ്സ്റ്റേഷൻ എസ്. എച്ച് .ഒ. കെ.സി. രതീഷ് മുഖ്യ അതിഥിയായിരുന്നു. അമല മെഡിക്കൽ കോളേജ് ഡയറക്ടർ ഫാദർ ജൂലിയസ് അറയ്ക്കൽ സി. എം.ഐ., ജോയിന്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി സി. എം. ഐ., അലയ്ഡ് ഐൽത്ത് സയൻസ് പ്രിൻസിപ്പൽ, ഡോക്ടർ എം.സി. സാവിത്രി, അമല ബ്ലഡ് സെന്റർ മേധാവി, ഡോ. വിനു വിപിൻ, തൃശൂർ ജില്ല എൻ. എസ്. എസ് . കോഓർഡിനേറ്റർ, സുബാഷ് മാത്യു, നിധിൻ ഹരിദാസ്, സോന കെ. എസ് എന്നിവർ പ്രസംഗിച്ചു.

അമല അലയ്ഡ് ഹെൽത്ത് സയൻസസ് വിദ്യർത്ഥികളുടെ നേതൃത്വത്തിൽ, രാവിലെ റാലിയും ഫ്ളാഷ് മോബും രക്തദാന ബോധവൽക്കരണ പ്രോഗ്രാമുകളും മത്സരങ്ങളും നടത്തി.

അമലയിലെ ഡോക്ടർമാരും വിദ്യർത്ഥികളും നേഴ്സുമാരും മറ്റു സ്റ്റഫ് അംഗങ്ങളുമായി 82 പേർ രക്തം ദാനം ചെയ്തു. രക്തം ദാനം ചെയ്തവർക്ക് സർട്ടിഫിക്കറ്റും പ്രത്യേക സമ്മാനങ്ങളും നൽകി. രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ച എല്ലാ സംഘടനാ ഭാരവാഹികളെയും ചടങ്ങിൽ മെമന്റോയും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു. കിഡ്നി ദാനം ചെയ്ത ശേഷവും 27 തവണ രക്തം കൊടുത്ത, കെ.എഫ് ബ്ലസൻ പേരാമംഗലത്തിനെ മീറ്റിങ്ങിൽ പ്രത്യേകം ആദരിച്ചു.

ഗാന്ധിയൻ ദർശനങ്ങളാണ് ഇന്ത്യയക്ക് കരുത്ത് പകരുന്നത്

തൃശൂർ :ഗാന്ധിയൻ ദർശനങ്ങളാണ് ഇന്ത്യയക്ക് കരുത്ത് പകരുന്നതെന്നും മഹാത്മ ഗാന്ധി വിഭാവനം ചെയ്ത ഇന്ത്യയെ വീണ്ടെടുക്കണമെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

ഭാരത് ജനറൽ കൺസ്യൂമേർസ് അസോസിയേഷൻ പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച ഗാന്ധി ജയന്തി ദിനത്തിൽ സംഘടിപ്പിച്ച ഗാന്ധിസ്മൃതി സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.സി. കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ചു.എം.ബൽറാം നായർ, സജീവ് മാധവൻ, ജയരാജ് മൂടാടി, കെ.എൽ.ദുർഗ്ഗാദേവി, ബേബി ജോജോ, റോയ് പെരിഞ്ചേരി എന്നിവർ പ്രസംഗിച്ചു.

ചന്ദ്രൻ വാരിയരുടെ രണ്ടാം ചരമവാർഷികം ഇന്ന്

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുടയുടെ കലാ സാംസ്കാരിക സാമൂഹ്യ, പൊതുരംഗത്ത്, നിറസാന്നിദ്ധ്യമായിരുന്ന കെ. വി. ചന്ദ്രൻ വാരിയരുടെ രണ്ടാം ചരമവാർഷികം ഇന്ന് വൈകീട്ട് മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കും ഇതോടനുബന്ധിച്ച് നടക്കുന്ന ആയുർവ്വേദ ക്യാമ്പ് അഷ്ടവൈദ്യൻ ഇ.ടി. നാരായണൻ മൂസ്സത് ഉദ്ഘാടനം നിർവ്വഹിക്കും അനുസ്മര ണ സമ്മേനം പത്മശ്രീ പെരുവനം കുട്ടൻ മാരാർ ഉദ്ഘാടനം നിർ വഹിക്കും

തൃശൂർ പൂരം കലക്കിയതാണെന്ന മുഖ്യമന്ത്രിയുടെ തുറന്നുപറച്ചിൽ കേരളത്തിന് അപമാനകരം കേരള കോൺഗ്രസ്

തൃശ്ശൂർ: ലോകത്തെമ്പാടുമുള്ള മലയാളികളുടെ വികാരമായ തൃശ്ശൂർ പൂരം ആസൂത്രിതമായി കലക്കിയതാണെന്നും, പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉപയോഗിച്ചതെന്നും മുഖ്യമന്ത്രിയുടെ തുറന്നുപറച്ചിൽ സാംസ്കാരിക കേരളത്തിന് അപമാനകരമാണെന്ന് കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി വി കുര്യാക്കോസ് അഭിപ്രായപ്പെട്ടു.

തൃശ്ശൂരിലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ എൽഡിഎഫ് സ്ഥാനാർത്ഥിയെ സമാധാനിപ്പിക്കുന്നതിനും, സി.പി.ഐയുടെ അന്ത്യശാസനം, തള്ളിക്കളയുന്നതിനും മുഖ്യമന്ത്രി ഒരേസമയം ശ്രമിച്ചിരിക്കുകയാണ്..പൂരം കലക്കാൻ കരാർ ഏറ്റെടുത്ത ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്ന ചുമതലയാണ് മുഖ്യമന്ത്രി ചെയ്യുന്നതെന്ന് വ്യക്തമായിരിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

പൂരം കലക്കൽ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള കോൺഗ്രസ് പ്രത്യക്ഷ സമരം ആരംഭിക്കുമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

സമൂഹ മഠത്തിൽ നടക്കുന്ന സമൂഹ ബൊമ്മ കൊലു

തൃശൂർ: പഴയ നടക്കാവ് പാണ്ടി സമൂഹ മഠത്തിൽ നടക്കുന്ന സമൂഹ ബൊമ്മ കോലു കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറി പി ബിന്ദു നില വിളക്ക് തെളിയിച്ചു ഉദ്ഘാടനം ചെയ്തു.ലക്ഷ്മി സന്തോഷ് സ്വാഗതവും, ട്രഷറർ കൃഷ്ണ മൂർത്തി നന്ദിയും രേഖപ്പെടുത്തി.

ചടങ്ങിൽ സമൂഹം പ്രസിഡന്റ് ദേവ നാരായണൻ, സെക്രട്ടറി എസ്.ശിവ രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. 3 മുതൽ 9 ദിവസം ബോമ്മ കോലു പൊതുജനങ്ങൾക്ക് കാണുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസാദ വിതരണവും ഉണ്ടായിരിക്കും.

നവരാത്രി അക്ഷരോത്സവം

തൃശൂർ: കേച്ചേരി മഴുവഞ്ചേരി ഭാരതീയ വിദ്യാവിഹാർ സ്കൂളിൽ 13 വരെ നീണ്ടു നിൽക്കുന്ന നവരാത്രി അക്ഷരോത്സവത്തിന് തുടക്കമായി. 13ന് 100കണക്കിന് കുരുന്നുകൾക്ക് ഹരിശ്രീ കുറിച്ചു കൊണ്ട് വിജയദശമി ആഘോഷത്തോടെ സമാപിക്കും.

സന്നദ്ധ രക്തദാനദിനത്തിൽ രക്തദാതാക്കൾക്ക് ആദരമൊരുക്കി അധ്യാപകൻ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി തൃശ്ശൂർ മെഡിക്കൽ കോളേജിലെ രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും പൊതിച്ചോറുകൾ വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനാ പ്രവർത്തകർ വിശപ്പിനോടൊപ്പം രക്തവും ദാനം ചെയ്യുന്ന സ്നേഹ വിപ്ലവം കണക്കിലെടുത്താണ് ആദരണം.

.കണ്ടാണശ്ശേരി പഞ്ചായത്തിലെ സന്നദ്ധ രക്തദാന പ്രവർത്തകരെ യാണ് ആദരിച്ചത്. മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനും 78 തവണ രക്തം ദാനം ചെയ്ത പി.ജെ. സ്റ്റൈജുവാണ് വേറിട്ട ഈ ആദരണത്തിന് നേതൃത്വം നല്കിയത്. കണ്ടാണശ്ശേരി ഗ്രാമീണ വായനശാല പരിസരത്ത് നടന്ന ചടങ്ങിൽ രക്തദാതാക്കളായ പ്രവർത്തകരെ സ്റ്റൈജു മാസ്റ്റർ രക്തബന്ധു പുരസ്കാരം നൽകിയാണ് ആദരിച്ചത്. കണ്ടാണശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ എസ് ധനൻ യോഗം ഉദ്ഘാടനം ചെയ്തു.വാർഡ് മെമ്പർ ഷീബ ചന്ദ്രൻ അധ്യക്ഷത വഹിച്ചു. മുൻ പഞ്ചായത്തംഗം വി കെ ദാസൻ , വായനശാല പ്രസിഡണ്ട് ബാലകൃഷ്ണൻ നരിയമ്പുള്ളി,സുവിഷ്, അരുൺ അശോകൻ, മനീഷ്, റനീഷ്, ബിജു വി.ഡി തുടങ്ങിയവർ ആശംസകൾ നേർന്നു.

രക്തദാന ദിനത്തിൽ കണ്ടാണശേരീ വായനശാല പരിസരത്ത് നടന്ന ചടങ്ങിൽ മേജർ പി.ജെ. സ്റ്റൈജു രക്തദാതാക്കൾക്ക് രക്തബന്ധു പുരസ്കാരം സമ്മാനിക്കുന്നു

ദേശീയ വായനശാലയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം

തൃശൂർ: ദേശീയ വായനശാലയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം പി. ബാലചന്ദ്രൻ എം. എൽ. എ നിർവഹിച്ചു.വായനശാലയുടെ നാമകരണത്തിന് നിദാനമായ ദേശീയ ബോധത്തിനും കാഴ്ചപ്പാടുകൾക്കും വർത്തമാനകാല ഇന്ത്യയിൽ അർത്ഥതലങ്ങൾ മാറുകയാണെന്ന് ആഘോഷപരിപാടികൾ ഉത്ഘാടനം ചെയ്തുക്കൊണ്ട് പി. ബാലചന്ദ്രൻ പറഞ്ഞു. കഥാ കൃത്ത് എൻ. രാജൻ വിശിഷ്ടാതിഥി ആയിരുന്നു. സംഗീത സംവിധായാകനായ സന്തോഷ് ഈച്ചരത്ത്, സംരംഭകനായ സജീവ് കോളങ്ങാട്ട് എന്നിവരെയും മുൻകാല വായനശാല ഭാരവാഹികളെയും ചടങ്ങിൽ ആദരിച്ചു. വായനമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. വായനശാല പ്രസിഡന്റ് കെ. സന്തോഷ്അധ്യക്ഷത വഹിച്ചു. ഡിവിഷൻ കൗൺസിലർ മേഫി ഡെൽസൻ, താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് കെ. ജി. ജയപ്രകാശ്, ബിജു ഫ്രാൻസിസ്, എം. നന്ദകുമാർ, ഈച്ചരത്ത് ബാലചന്ദ്രൻ, എം. വിനോദ് എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളും ഉണ്ടായി

VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor Mega Mall, Main Road,
OTTAPALAM
Phone: 0466 2244121

Vehicle No	Vehicle Description	Year of manufacturing
KL09-AQ-9371	AL DOST PLUS AC	2019 MODEL

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

EP: 796/2022
ARC: 808/2019

അഴീക്കോട് സർവ